പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3325 13.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>" അടൂർ പ്രകാശ്<br>" എ.പി. അനിൽ കുമാർ<br>" എം. വിൻസെന്റ് | എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തനം ഇതര സംസ്ഥാനങ്ങളുടെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനങ്ങളുമായി താരതമ്യം ചെയ്ത് പഠനമോ റിപ്പോർട്ടോ തയ്യാറാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും | ഇല്ല. |
| (ബി) | പ്രസ്തുത പഠനത്തിലെ വസ്തുതകൾ വിശദീകരിക്കുമോ; | | |
| (സി) | സംസ്ഥാനത്ത് സാധാരണക്കാർക്ക് ഉപകാരപ്രദമായ പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ കെ.എസ്.ആർ.ടി.സി. യെ സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ; | (സി) | ഈ സർക്കാർ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് പഠനം നടത്താൻ ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തി. കൂടാതെ, ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 01.02.2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. |
| (ഡി) | ജീവനക്കാർ ഡ്യൂട്ടി സമയത്ത് തിരിച്ചറിയൽ കാർഡ് ധരിക്കണമെന്ന നിർദ്ദേശം നൽകുമോ; | (ഡി) | കെ.എസ്.ആർ.ടി.സി. ജീവനക്കാർ തിരിച്ചറിയൽ കാർഡ് ഡ്യൂട്ടി സമയത്ത് ധരിക്കണമെന്ന കർശന നിർദ്ദേശം 24.11.2015-ലെ LR7/005511/2015 പ്രകാരം നൽകിയിട്ടുണ്ട്. |
| (ഇ) | കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥികൾക്കും മറ്റും നൽകുന്ന യാത്രാ സൗജന്യത്തിന് പകരമായി ബഡ്ജറ്റിൽ പ്രത്യേക ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | പെൻഷൻ വിതരണത്തിനും മൂലധന നിക്ഷേപത്തിനുമായി പരമാവധി സാമ്പത്തിക സഹായം പ്ലാൻ, നോൺ പ്ലാൻ ഫണ്ട് മുഖേന ലഭ്യമാക്കി വരുന്നതിനാൽ പ്രത്യേക ഫണ്ട് വകയിരുത്തുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ